## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3755

24.06.2014 ൽ മറുപടിയ്ക്ക്

# പട്ടികജാതി വിഭാഗക്കാർ എടുത്ത വായ്പാത്തുക എഴുതിത്തള്ളുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗക്കാർ എടുത്ത വായ്പാ തുക എഴുതിത്തള്ളുന്നത് സംബന്ധിച്ച നിലവിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) ഒന്നര ലക്ഷം രൂപയോ അതിൽ താഴെയോ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളിൽ പരമാവധി 50,000/- രൂപ വരെയുള്ള കടാശ്വാസം സർക്കാർ ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ട്. 50,000/- രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും വായ്പാ സ്ഥാപനം ധനകാര്യ സ്ഥാപനത്തിന് നൽകാനുള്ള പലിശയും ഉൾപ്പെടെ 50,000/- രൂപ വരെ സർക്കാർ വഹിക്കുന്നതും ഇതിന് മുകളിൽ വരുന്ന പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ വായ്പാ സ്ഥാപനം എഴുതിത്തള്ളേണ്ടതും, 50,000/- രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ മുതലും വായ്പാ സ്ഥാപനം ധനകാര്യ സ്ഥാപനത്തിന് നൽകാനുള്ള പലിശയും ഉൾപ്പെടെ 50,000/- രൂപ വരെ സർക്കാർ ബാധ്യതയും ഇതിന് മുകളിൽ വരുന്ന പിഴപ്പലിശ, വായ്പ ഈടാക്കാനുണ്ടായിട്ടുള്ള ചെലവ്, ധനകാര്യ സ്ഥാപനത്തിന് നൽകേണ്ട പലിശയിൽ കൂടുതലായി വായ്പാ സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ വായ്പാ സ്ഥാപനം എഴുതിത്തള്ളേണ്ടതും ശേഷിക്കുന്ന മുതൽ തുക വായ്പാക്കാരന്റെ ബാധ്യതയുമായിരിക്കും. ടി |

ബാധ്യത ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31.03.2014 നകം ഒന്നായോ, തവണകളായോ വായ്പക്കാരൻ അടച്ച് തീർക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (ബി) | കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ കൊട്ടാരക്കര ശാഖയിൽ നിന്നും വേണുഗോപാൽ ഭാര്യ ലളിത, തടവിളപുത്തൻവീട്, തേവന്നൂർ, കൊട്ടാരക്കര, എത്ര തുക വായ്പ എടുത്തിരുന്നെന്നും എന്നാണ് വായ്പ എടുത്തതെന്നും ഇപ്പോൾ എത്രതുക തിരിച്ചടക്കാനുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ കൊട്ടാരക്കര ശാഖയിൽ നിന്നും സി.എൽ. 555/04 നമ്പരായി ശ്രീ. വേണുഗോപാൽ, തടവിള പുത്തൻവീട്, തേവന്നൂർ, കൊട്ടാരക്കര 01.03.2005 ലാണ് 20,000/- രൂപയുടെ കൺസംപ്ഷൻ വായ്പ എടുത്തത്. ടി വായ്പയിലിപ്പോൾ മുതലിനത്തിൽ 20,000/- രൂപയും, പലിശയിനത്തിൽ 26,985/- രൂപയും, എ.ആർ.സി. മറ്റിനത്തിൽ 2,000/- രൂപയും ഉൾപ്പെടെ 48,985/- രൂപ 17.06.2014 ൽ കുടിശ്ശികയാണ്. |
| (സി) | പ്രസ്തുത വായ്പയും കുടിശ്ശികയും ഒഴിവാക്കി നൽകുന്നതിനോ, ഇളവ് ലഭ്യമാക്കുന്നതിനോ അഭ്യർത്ഥിച്ചുകൊണ്ട് വേണുഗോപാൽ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | നിവേദനം ലഭിച്ചിട്ടില്ല. ലഭ്യമാകുകയാണെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ